പതിമൂന്നാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 764 03.12.2014 ൽ

മറുപടിക്ക്

## പാലക്കാട് ജില്ലയിലെ എൻഡോസൾഫാൻ ബാധിതർ

| ചോദ്യം<br>ശ്രീ.വി.ചെന്താമരാക്ഷൻ | | മറുപടി<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പാലക്കാട് ജില്ലയിൽ എൻഡോസൾഫാൻ ബാധിതരെ കണ്ടെത്തുന്നതിനായി സർക്കാർ നടത്തിയ പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകുമോ ; | (എ) | പാലക്കാട് ജില്ലാ മെഡിക്കൽ ആഫീസറുടെ 3.5.11-ലെ സി 2 / 14526 / 2010 -ാം നമ്പർ പ്രകാരം ജില്ലയിലെ ഒഴലപ്പതി, കൊല്ലങ്കോട്,ഷോളയൂർ, പുത്തൂർ, കുമരംപുത്തൂർ, അകത്തേതറ, നെല്ലിയാമ്പതി, വണ്ണാമട മേഖലകളിൽ 03.05.11 മുതൽ 09.05.11 വരെ പ്രാഥമിക സർവ്വേകൾ നടത്തുകയും എൻഡോസൾഫാൻ ബാധിതരെന്ന് സംശയിക്കുന്ന 142 പേരുടെ പട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുമുമ്പ് 19.11.2010, 20.11.2010 തീയതികളിൽ ജില്ലയിലെ മുതലമട, കൊല്ലങ്കോട് എന്നീ പഞ്ചായത്തുകളിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ പ്രാഥമിക സർവ്വേ നടത്തുകയും 46 പേരുടെ പട്ടിക തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പ്രാഥമിക സർവ്വേകളിൽ കണ്ടെത്തിയിട്ടുള്ള 188 പേരിൽ യഥാർത്ഥ എൻഡോസൾഫാൻ ബാധിതരെ കണ്ടെത്തു ന്നതിനായി തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജിൽ നിന്നും വിദഗ്ധ സംഘം 29.10.14-ന് ജില്ല സന്ദർശിച്ചു. അംഗവൈകല്യമുള്ള 77 പേർ പ്രസ്തുത ക്യാമ്പിൽ പങ്കെടുത്തു. അതിൽ അംഗവൈകല്യം സംഭവിക്കാൻ പ്രത്യേകകാരണം സ്ഥിരീകരിക്കാൻ കഴിയാത്ത 29 പേർ എൻഡോസൾഫാൻ ബാധിതർ തന്നെയെന്ന് സ്ഥിരീകരിക്കുന്നതിനായി പരിസ്ഥിതി പഠനങ്ങളും പ്രസ്തുത മേഖലകളിൽ എൻഡോസൾഫാൻ സാന്നിദ്ധ്യം ഉണ്ടോ എന്നുള്ള പഠനങ്ങളും അനിവാര്യമാണെന്ന് വിദഗ്ധ സംഘം റിപ്പോർട്ട് നൽകിയിട്ടുണ്ട്. മറ്റ് 8 പഞ്ചായത്തുകൾ കൂടി മുതലമടയിൽ എന്നതുപോലെ സമാനമായ ക്യാമ്പുകൾ സംഘടിപ്പിക്കാൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | ജില്ലയിലെഏതൊക്കെപഞ്ചായത്തുകളിലാണ് എൻഡൊസൾഫാന്റെ ഉപയോഗം കണ്ടെത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ; | (ബി)<br>&<br>(സി) | ഇതുമായി ബന്ധപ്പെട്ട പഠനം ആരോഗ്യവകുപ്പ് നടത്തിയിട്ടില്ല.<br><br>പ്രാഥമികസർവ്വേയിൽ എൻഡോസൾഫാൻ ബാധിതരെന്ന് സംശയിക്കുന്നതും അംഗവൈകല്യമുള്ളതുമായ 189 പേരെ കണ്ടെത്തിയിട്ടുണ്ട്.( ചോദ്യം ഒന്നിന്റെ ഉത്തരത്തിൽ പറഞ്ഞ 188 പേരും പുതുനഗരത്തിൽ |
| (സി) | എൻഡോസൾഫാൻ ബാധിതർക്ക് സമാനമായ രോഗലക്ഷണമുള്ള എത്ര കേസുകൾ കണ്ടെത്തിയിട്ടുണ്ട്; ഇവരുടെ | | |

| | | | |
|---|---|---|---|
| | സംരക്ഷണത്തിനായി പ്രത്യക പാക്കേജ് എന്തെങ്കിലും പ്രഖ്യാപിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി പ്രഖ്യാപി ക്കാനുള്ള നടപടി സ്വീകരിക്കുമോ; | | നിന്ന് റിപ്പോർട്ട് ചെയ്ത ഒരാളുമുൾപ്പെടെ 189) തൃശ്ശൂർ മെഡിക്കൽ കോളേജിലെ വിദഗ്ധർ നടത്തിയ ക്യാമ്പിൽ 29 പേരെ എൻഡോസൾഫാൻ ദുരിത ബാധിതരെന്ന് സംശയിച്ച് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിന്റെ സ്ഥിരീകരണത്തിന് കൂടുതൽ പഠനങ്ങൾ ആവശ്യമാണ്. ദുരിതബാധിതർ എന്ന് സ്ഥിരീകരിക്കുന്നവർക്കുള്ള പാക്കേജ് സംബന്ധിച്ച തീരുമാനമൊന്നും എടുത്തിട്ടില്ല. |
| (ഡി) | എൻഡോസൾഫാൻ ഉപയോഗം പാലക്കാട് ജില്ലയിൽ ഇല്ലാതാക്കാൻ ആവശ്യമായ അടിയന്തര നടപടി സർക്കാർ സ്വീകരിക്കുമോ; വിശദാംശം നൽകുമോ ? | (ഡി) | കേരള സ്റ്റേറ്റ് പൊല്യൂഷൻ കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 19/11/10 പി.സി.ബി/എൽ/1541/2001-ാം നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം ഹെൽത്ത് മിഷനും സഹകരിക്കുന്നുണ്ട്. സ്കൂൾ ഹെൽത്ത് നഴ്സുമാരുടെ സഹകരണം, ആരോഗ്യ പ്രവർത്തകരുടെ സഹകരണം എന്നിവ ആരോഗ്യവകുപ്പിൽ നിന്നും നൽകി വരുന്നു. എൻഡോസൾഫാന്റെ ഉപയോഗം നിരോധിക്കുകയും ആയതുമായി ബന്ധപ്പെട്ട് പത്രക്കുറിപ്പ് ഇറക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ